ശ്രദ്ധ ക്ഷണിക്കൽ

## സമഗ്ര വിദ്യാഭ്യാസ പദ്ധതി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളത്തിലെ ബുദ്ധിപരവും വളർച്ചാ പരവുമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പോൾസി, ഡൗൺ സിൺഡ്രോം എന്നീ അവശതകൾ അനുഭവിക്കുന്ന ആയിരക്കണക്കിന് കുട്ടികളുടെ വിദ്യാഭ്യാസ തൊഴിൽ പ്രശ്നങ്ങളിലേക്ക് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ജൻമനാ ബുദ്ധി ന്യൂനതയുള്ള കുട്ടികൾ ഒരു കുടുംബത്തിന്റെ മാത്രമല്ല സമൂഹത്തിന്റെ തന്നെ നൊമ്പരമാണ്. സമൂഹത്തിന്റെ അരികുപറ്റി ജീവിക്കാൻ വിധിക്കപ്പെട്ട ഈ പതിത ജൻമങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾക്ക് നേതൃത്വം കൊടുക്കാൻ സർക്കാരുകൾക്ക് കഴിയണം. കേരളത്തിലെ മുന്നൂറോളം സ്പെഷ്യൽ സ്ക്കൂളുകളിൽ പഠിക്കുന്ന ബുദ്ധിവികാസം പ്രാപിക്കാത്ത ഇരുപതിനായിരത്തിൽപ്പരം വിദ്യാർത്ഥികളുടെ പ്രശ്നങ്ങളും അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ലഭിക്കേണ്ട പരിരക്ഷയും ആനുകൂല്യങ്ങളുടെ വർദ്ധനവിനെയും സംബന്ധിച്ചാണ് എനിക്ക് ഉന്നയിക്കാനുള്ളത്. കേരളത്തിൽ ഈ രംഗത്ത് ഇന്നുള്ള സ്ഥിതിവിശേഷം അതിദയനീയമാണ്. ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ വിദ്യാഭ്യാസ, തൊഴിൽ വിഷയങ്ങളിൽ ഇന്ത്യയും കേരളവുമെല്ലാം ഒട്ടേറെ ക്രിയാത്മക കാര്യങ്ങൾ ചെയ്തു തീർക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഇന്ത്യ ലോകത്തുതന്നെ ഏറെ പുറകിൽ നിൽക്കുന്ന രാജ്യങ്ങളിൽ ഒന്നാണ്. അത്ഭുതമെന്നപോലെ പൊതുസാഹചര്യങ്ങൾക്കു വിരുദ്ധമായി കേരളം ഈ വിഷയത്തൽ മറ്റു പല ഇന്ത്യൻ സംസ്ഥാനങ്ങൾക്കും പുറകിലാണെന്നുള്ളതാണ് വസ്തുത. സാമൂഹിക സാംസ്കാരിക മേഖലയിലും

വിദ്യാഭ്യാസ ആരോഗ്യ രംഗത്തുമെല്ലാം കേരളത്തിന് രാജ്യത്തെ ഉന്നത സ്ഥാനമുണ്ടെങ്കിലും ബുദ്ധി മാന്ദ്യമുള്ളവരുടെ വിദ്യാഭ്യാസ തൊഴിൽ കാര്യ ങ്ങളിൽ കേരളത്തിന്റെ സ്ഥാനം ഏറെ പുറകിലാണ്. ഈയൊരു അവസ്ഥയ്ക്ക് കാരണമായി നിരീക്ഷിക്കപ്പെടുന്ന സാമൂഹിക സാഹചര്യം, ബുദ്ധിപരവും മാനസികപരവുമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന വർക്ക് അവരുടെ പ്രശ്നങ്ങൾ സ്വയം ഉന്നയിക്കാനാവില്ല എന്നതുകൊണ്ട് നിരന്തരം അവഗണനയ്ക്ക് വിധേയരാകുന്നു എന്നതാണ്. സാധാരണ മറ്റ് ഏത് ജനവിഭാഗങ്ങളും അവരുടെ അവകാശങ്ങൾക്കുവേണ്ടി അവർ തന്നെ സ്വയം ശബ്ദിച്ചുകൊണ്ടേയിരിക്കും. തങ്ങളുടെ അവകാശങ്ങൾ സ്വയം തിരിച്ചറിഞ്ഞ് സ്വയം ശബ്ദിക്കാൻ കഴിയാത്തതിനാലാണ് അവർ ഇത്ര വലിയ അവഗണനയ്ക്ക് വിധേയമാകുന്നത് എന്നതാണ് ഇവിടെ കാണുന്ന കാര്യം. ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ വിദ്യാഭ്യാസ ത്തിന് കേരളത്തിൽ ഇന്ന് ഏതാണ്ട് മുന്നൂറിലധികം ചെറുതും വലുതുമായ സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്പെഷ്യൽ സ്കൂളു കളിലെല്ലാം കൂടി ഇരുപതിനായിരത്തോളം കുട്ടികൾ പരിശീലനം തേടുന്നു. ഈ സ്പെഷ്യൽ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരും അനദ്ധ്യാപ കരുമായ ജീവനക്കാരുടെ എണ്ണമാകട്ടെ മൂവായിരത്തിനടുത്താണ്. കേരള ത്തിൽ സി.എച്ച്. മുഹമ്മദ് കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന പേരിൽ തിരുവനന്തപുരം പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സ്ഥാപനമൊഴിച്ച് ബാക്കി സ്പെഷ്യൽ സ്കൂളുകളൊക്കെ തന്നെ സന്നദ്ധ സംഘടനകളുടെ നിയന്ത്രണത്തിലുള്ളതാണ്. ഈയിടെ കേരളത്തിൽ തുടക്ക മിട്ട കുടുംബശ്രീ ബഡ്സ് സ്കൂളുകളും സർക്കാർ നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്കൂളുകളാണ്. സമഗ്രവും ശാസ്ത്രീയവുമായ ഒരു സമീപന

ത്തിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയെ ഗൗരവമായി പരിഗണിച്ച് നടപടികൾ സ്വീകരിക്കാനുള്ള ജാഗ്രതയും സന്നദ്ധതയും പ്രകടിപ്പിക്കേണ്ട അത്യാസന്ന സാഹചര്യമാണുള്ളത്. ഇവർക്കൊരു കരിക്കുലമോ ഒരു പാഠ്യപദ്ധതിയോ സ്ക്കൂളുകളെ ഏകീകരിപ്പിക്കുന്ന നടപടിയോ ഒന്നുമില്ല. സ്പെഷ്യൽ സ്കൂളുകൾക്ക് പൊതുവായി അവലംബിക്കാവുന്ന പാഠ്യപദ്ധതിയോ മാർഗ്ഗ നിർദ്ദേശങ്ങളോ നിലവിലില്ല. കേരളത്തിലെ എഡ്യൂക്കേഷൻ റൂളിൽ (കെ.ഇ.ആർ) ഇവരുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളോ രേഖകളോയില്ല. ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ ഭരണഘട്ടത്തിൽ സുപ്രധാനമായ ചില തീരുമാനങ്ങളിലൂടെ ഈ രംഗത്തെ പ്രശ്നങ്ങളെ ക്രിയാത്മകമായി അഭിസംബോധന ചെയ്യാൻ ശ്രമിച്ചിരുന്നു. അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പബ്ളിക് ഇൻസ്ട്രക്ഷൻസ് ശ്രീമതി. ജെ. ബീനയുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് റിപ്പോർട്ട് വാങ്ങുകയും ചെയ്തിരുന്നു. എന്നാൽ ആ റിപ്പോർട്ടിൻമേലൊരു നടപടിയുമുണ്ടായില്ല. കേന്ദ്ര സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയത്തിൽ നിന്നും കേരളത്തിലെ 48 സ്പെഷ്യൽ സ്കൂളുകൾക്ക് നാമമാത്രമായിട്ടാണെങ്കിലും ഗ്രാന്റ് ലഭിക്കുന്നുണ്ട്. ബാക്കി വരുന്ന സ്പെഷ്യൽ സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ നിലവിൽ അംഗീകാരമുള്ള സ്കൂളുകൾക്ക് ഡി.പി.ഐ ഓഫീസ് മുഖാന്തിരം ഗ്രാന്റ് നൽകുന്നുണ്ടെങ്കിലും അത് മാനേജ്മെന്റുകൾ നേരിട്ടാണ് നൽകുന്നത്. ഈ സ്കൂളിൽ അദ്ധ്യാപകരുടെ ശമ്പളം മൂവായിരം രൂപയിൽ താഴെയാണ്. എത്ര ശ്രമകരമായൊരു ദൗത്യമാണ്. അദ്ധ്യാപകവൃത്തി എന്നത് സർഗ്ഗാത്മകമായ ഒരു സേവനമാണ്. പക്ഷെ ഈ അദ്ധ്യാപകർ ശാരീരിക അവശതകളും ബുദ്ധി

മാന്ദ്യവുമുള്ള കുട്ടികളെ ശരിക്കും പരിചരിക്കുകയാണ്. ഈ സ്ഥാപന ങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റിൽ നിന്ന് മാനേജ്മെന്റുകൾ അവർക്ക് കൊടുക്കു ന്ന ശമ്പളമെന്നുപറയുന്നത് കേവലം മൂവായിരത്തിൽ താഴെയുള്ള രൂപയാണ്. ഈ ഒരു സാഹചര്യം ഗൗരവത്തോടുകൂടി കാണേണ്ടതുണ്ട്. അതുപോലെ തന്നെ ഇവരെ പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ പ്രധാനമായും പരീക്ഷണ നിരീക്ഷണങ്ങളിൽ വന്നിട്ടുള്ളത് അഞ്ചുഘട്ട ങ്ങളുള്ള ഒരു പുനരധിവാസ പ്രക്രിയയാണ്. ഞാനത് ചുരുക്കിപറയാം. ബുദ്ധിപരവും വളർച്ചാപരവുമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരെ പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്ന പുനരധിവാസമെന്ന പ്രക്രിയ പൂർത്തീകരിക്കുന്നതിന് ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ ഒരു രീതിയുണ്ട്. പുനരധിവാസത്തിലെ വിവിധ ഘട്ടങ്ങൾ എന്നുപറയുന്നത് 1) നേരത്തെ പ്രശ്നം തിരിച്ചറിയുക. (Early identification and detection) 2) നേരത്തെ ഇടപെടുക (Early intervention) 3) സവിശേഷ വിദ്യാഭ്യാസം (Special Education) 4) തൊഴിൽ പരിശീലനം (Vocational Training) 5) ജോലി നൽകൽ (Job placement) ഇങ്ങനെയുള്ള ഒരു സമീപനം ഇവരുടെ കാര്യത്തിലുണ്ടാകണം. അതുപോലെതന്നെ സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാരുടെ സ്ഥിതി വളരെ മോശമാണ്. അതുല്യവും അസാധാരണവുമായ സമർപ്പിത സേവനമാണ് സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ നടത്തുന്നത്. പ്രതിബദ്ധിതവും മൂല്യാധിഷ്ഠിതവുമായ മനോഭാവമില്ലാതെ ഈ രംഗത്ത് പ്രവർത്തിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഇവരുടെ സേവനങ്ങൾക്ക് ഉന്നത പരിഗണന നൽകി അവരുടെ സേവന വേതന വ്യവസ്ഥകൾ കാലോ

ചിതമാക്കാനും വ്യവസ്ഥാപിതമാക്കാനും സർക്കാർ അടിയന്തരമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഒരു പക്ഷെ ഒരു തരത്തിലും സാമൂഹിക സുരക്ഷിതത്വം ലഭിക്കാത്ത ഒരപൂർവ്വ വിഭാഗമാണ് കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാർ. ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ന് സ്വകാര്യ മേഖലയിൽ ഒട്ടേറെ പരിമതികളുമായി പ്രവർത്തിച്ചുവരുന്ന ഉയർന്ന നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളെ എയ്ഡഡ് സ്റ്റാറ്റസിലേക്ക് കൊണ്ടുവരാനുള്ള ഉദ്യമം ഈ മേഖലയോട് കാണിക്കുന്ന സാമാന്യ നീതിയായിരിക്കും. അങ്ങനെയൊരു പ്രധാന നിർദ്ദേശം ഇക്കാര്യത്തിൽ സമർപ്പിക്കാനുണ്ട്. തൊഴിൽ പരിശീലനത്തിനും പദ്ധതികളുണ്ടാവണം.

<u>മി. സ്പീക്കർ</u>: ഇപ്പോൾ തന്നെ ഏഴു മിനിട്ടായി

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പരിഹാര നിർദ്ദേശങ്ങൾ ഞാൻ ചുരുക്കി പറയാം. സംസ്ഥാനത്തെ മുഴുവൻ സ്പെഷ്യൽ സ്കൂളുകൾക്കും ബാധകമായ പാഠ്യപദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിലെ വിദ്യാഭ്യാസ ചട്ടത്തിൽ (കെ.ഇ.ആർ) ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ വിദ്യഭ്യാസ വിഷയം വികലാംഗരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതിനോടൊപ്പം ചേർക്കണം. അതുപോലെ രണ്ട് പ്രധാന കേന്ദ്ര ആക്ടുകൾ, സമയക്കുറവുകൊണ്ട് ഞാനത് വിശദീകരിക്കുന്നില്ല, അത് നടപ്പാക്കണം. ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്റ്റാറ്റസിലേക്ക് ഉയർത്തണം. സി.എച്ച്. മുഹമ്മദ് കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തണം. കോഴിക്കോടും, എറണാകുളത്തും

ഇതിന് കേന്ദ്രങ്ങളുണ്ടാകണം. തൊഴിൽപരിശീലനം, ഗവേഷണം ഈ രംഗത്ത് നിലവിലുള്ള സ്പെഷ്യൽ എഡ്യൂക്കേഷൻ തെറാപ്യൂട്ടിക്കൽ കോഴ്സുകൾ എന്നിവ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടപ്പാക്കണം. ഇക്കാര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുഭാവപൂർണ്ണമായ പരിഗണനയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സമഗ്രവിദ്യാഭ്യാസ പദ്ധതി

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ഡൗൺസ് സിൻഡ്രോം തുടങ്ങിയവ ബാധിച്ച് ബുദ്ധിപരമായ വളർച്ചയിൽ തകരാറ് സംഭവിച്ച കുട്ടികളും അവരുടെ മാതാപിതാക്കളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും 'സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്' എന്ന സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ ഡോ. എം.കെ. ജയരാജിനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്ന 273 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പി.ബ്ല്യു.ഡി. ആക്ട് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ ഭൂരിഭാഗവും നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾ (എൻ.ജി.ഒ.) നടത്തുന്നവയാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നടത്തിവരുന്ന സ്ഥാപനങ്ങളും ഉൾപ്പെടുന്നു.

ഇത്തരം സ്ഥാപനങ്ങളിൽ 55 എണ്ണത്തിന് കഴിഞ്ഞ വർഷം കേന്ദ്രസർക്കാരിന്റെ 'ദീനദയാൽ ഡിസെയ്ബിൾഡ് റിഹാബിലിറ്റേഷൻ സ്കീം' (ഡി.ഡി.ആർ.എസ്.) പ്രകാരം ധനസഹായം ലഭിച്ചിരുന്നു. ശേഷിക്കുന്ന സ്കൂളുകൾക്ക് സംസ്ഥാനസർക്കാർ കഴിഞ്ഞ വർഷം പത്തുകോടി രൂപ അനുവദിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. നടപ്പുവർഷവും പ്രസ്തുത ആവശ്യത്തിന് പത്തുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു സ്ഥാപനത്തിന് കുറഞ്ഞത് 2 ലക്ഷം രൂപയും പരമാവധി 12 ലക്ഷം രൂപയുമാണ് അനുവദിച്ചുവരുന്നത്. മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ Intergrated Education for disabled (IEDC/Inclusive Education for the Disabled Secondary Stage (IEDSS) സ്കീമിനോട് താരതമ്യപ്പെടുത്തി ഹോണറേറിയം വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി.) എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനും തൊഴിൽ പരിശീലനം ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇത്തരം സ്ക്കൂളുകൾക്ക് ഏകീകൃത പാഠ്യപദ്ധതി രൂപീകരിക്കുന്നതിന് എസ്.സി.ഇ.ആർ.റ്റി. നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സംസ്ഥാനത്ത് സർക്കാർ മേഖലയിലും എയ്ഡഡ്

മേഖലയിലും സ്ക്കൂളുകൾ പ്രവർത്തിക്കുന്നില്ല. എയ്ഡഡ് മേഖലയിൽ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയിൽ ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ ബാധിച്ച കുട്ടികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി, വൈദ്യ പരിശോധനാ ക്യാമ്പ് വഴി ഇത്തരം വൈകല്യങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം, റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, അറ്റന്ററുടെ സേവനം, തെറാപ്പി സേവനങ്ങൾ, റിസോഴ്സ് റൂം, റിസോഴ്സ് റൂമിലേയ്ക്കുള്ള ഉപകരണങ്ങൾ, ഐ.സി.റ്റി.ഇ. റിസോഴ്സ്, ടീച്ചർമാർക്കും രക്ഷിതാക്കൾക്കും മറ്റുമുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകൾ എന്നിവ ലഭ്യമാക്കി വരുന്നു. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വാസ്തു ശില്പപരമായ തടസ്സങ്ങൾ നീക്കം ചെയ്യൽ, എൻവയോൺമെന്റ് ബിൽഡിംഗ് പരിപാടികൾ തുടങ്ങിയ സേവനങ്ങളും വിദ്യാർത്ഥികൾക്കായി നൽകിവരുന്നു. ഐ.ഇ.ഡി.എസ്.എസ്.-ന് കീഴിൽ കരാർ വ്യവസ്ഥയിൽ റിസോഴ്സ് ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

നിലവിൽ 11620/- രൂപ (കൺസോളിഡേറ്റഡ്) ശമ്പളമാണ് റിസോഴ്സ് അധ്യാപകർക്ക് നൽകുന്നത്. കൂടാതെ കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം (എം.എച്ച്.ആർ.ഡി.) നിഷ്കർഷിക്കുന്ന യോഗ്യത ഉള്ളവർക്ക് 400/- രൂപ സ്പെഷ്യൽ അലവൻസായി നൽകുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകളിൽ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി സർക്കാർ മേഖലയിൽ നാല്

ഡി.എഡ്ഗ്.എസ്.ഇ. (എം.ആർ.) ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ്, മലപ്പുറം, പാലക്കാട്, കോട്ടയം എന്നീ ജില്ല കളിലാണ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നത്. പ്രസ്തുത ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി 240 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള ഭരണാനുമതി എത്രയുംവേഗം നൽകുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വളരെ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. കാരണം, യാതൊരുവിധ ലാഭേച്ഛയുമില്ലാതെ ഒരു സാമൂഹിക ധർമ്മം എന്ന രീതിയിലാണ് ഇവ പ്രവർത്തിക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കണമെന്ന അപേക്ഷ ഒരിക്കൽക്കൂടി ആവർത്തിക്കുന്നു.

ശ്രീ. പി.കെ. അബ്ദുറബ്ബ്: സർ, ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. സർക്കാരിന് ലഭിക്കുന്ന ഫണ്ടിന്റെ മുറയ്ക്കനുസരിച്ച് അവർക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ടിരിക്കുകയാണ്.

## കെ.എസ്.ഡി.പി. നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. തിലോത്തമൻ : സർ, ഔഷധ നിർമ്മാണ രംഗത്ത് കേരള ത്തിന്റെ ഏക പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ഡി.പി. 1974-ൽ പ്രവർത്തനം ആരംഭിച്ച, നമ്മുടെ അഭിമാനമായ ഈ സ്ഥാപനം ഇന്ന് വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രതിവർഷം 8000-10000 കോടി രൂപയുടെ മരുന്ന് വിറ്റഴിക്കപ്പെടുന്ന കേരളത്തിൽ വലിയ സാദ്ധ്യത യാണ് ഈ വ്യവസായ സംരംഭത്തിനുള്ളത്. എന്നാൽ സംസ്ഥാന

ഖജനാവിൽ നിന്ന് കോടാനുകോടി രൂപ ചെലവഴിച്ച് എമർജിംഗ് കേരള ഉൾപ്പെടെ നിരവധി ആഘോഷപരിപാടികൾ നടത്തുന്ന സംസ്ഥാന ഗവൺമെന്റ് ഈ പൊതുമേഖലാ സ്ഥാപനത്തിന് ദയാവധം വിധിച്ചിരിക്കുക യാണ്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ സർവ്വീ സസ് കോർപ്പറേഷൻ വാങ്ങുമെന്ന പ്രതീക്ഷയിൽ അവിടെ നിർമ്മിച്ചുവച്ചിരി ക്കുന്ന മൂന്നരക്കോടി രൂപയുടെ മരുന്നുകൾ ഇന്ന് കെട്ടിക്കിടക്കുകയാണെന്ന് മാത്രമല്ല കഴിഞ്ഞ ഏപ്രിൽ മാസം ഉല്പാദിപ്പിച്ച മരുന്നുകളുടെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ വലിയ ആശങ്കയാണ് ജീവനക്കാർക്കും മാനേജ്മെന്റിനുമുള്ളത്. 1974 മുതൽ ഇതുവരെയുള്ള ചരിത്രം പരിശോധിച്ചു കഴിഞ്ഞാൽ, കെ.എസ്.ഡി.പി. എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കാലാകാല ങ്ങളിൽ അധികാരത്തിൽ വരുന്ന ഗവൺമെന്റുകളുടെ സമീപനമാണ് ഇതിന്റെ പ്രധാന കാരണം. എന്നാൽ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.ഡി.പി.യെ സംരക്ഷിക്കാനും അതിനെ ശക്തമായി മുന്നോട്ട് നയി ക്കാനും ആവശ്യമായ ചില നിലപാടുകൾ സ്വീകരിക്കുകയുണ്ടായി. അതിന്റെ നവീകരണത്തിനും ആധുനിക രീതിയിലുള്ള ലബോറട്ടറികൾ സ്ഥാപിക്കുന്നതിനുമുൾപ്പെടെ കോടാനുകോടി രൂപയുടെ സഹായം നൽകുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. 2008-ൽ ഉണ്ടാക്കിയ കരാർ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇറക്കിയ ഉത്തരവ് പ്രകാരം അവിടെ ഉല്പാദിപ്പിക്കുന്ന മരുന്നുകൾ ടെണ്ടർ നടപടികളില്ലാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിച്ച് സംസ്ഥാനത്തെ സർക്കാർ ആശു പത്രികളിൽ വിതരണം ചെയ്യാൻ നടപടി എടുത്തിരുന്നു. എന്നാൽ ഇന്ന്

അത്തരത്തിൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. 40 കോടിയിലധികം രൂപയുടെ മരുന്നിന് കഴിഞ്ഞ സർക്കാർ ഓർഡർ നൽകിയിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ 20 മാസങ്ങളിലായി ആകെ 12 കോടി രൂപയുടെ മരുന്നുകൾ മാത്രമാണ് വാങ്ങാൻ തയ്യാറായിട്ടുള ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഉത്തരവ് പ്രകാരം ഓരോ ഇനം മരുന്നു കൾക്കും കൃത്യമായ വില നിശ്ചയിച്ചിരുന്നുവെങ്കിലും അതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് കെ.എസ്.ഡി.പി. നൽകണമെന്ന കർക്കശമായ നിലപാ ടാണ് ഇന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചിരിക്കു ന്നത്. എന്നാൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ആ മരുന്നു കൾ തന്നെ സ്വകാര്യ മരുന്നുല്പാദക കമ്പനികളിൽ നിന്ന് വില കൂട്ടി വാങ്ങു ന്നുവെന്നുള്ളതാണ് വേറൊരു പ്രത്യേകത. അങ്ങനെ ഈ വ്യവസായം നഷ്ട ത്തിലകുന്നുവെന്ന് മാത്രമല്ല ഇന്ന് പ്രവർത്തന സ്തംഭനത്തിൽ എത്തിനിൽക്കുകയുമയാണ്. ഇപ്പോൾ അവിടെ ഉല്പാദനം നടക്കുന്നില്ല. ജീവനക്കാർക്ക് ജോലി ചെയ്യാതെ ശമ്പളം കൊടുക്കേണ്ടിവരുന്ന അവസ്ഥ യാണ് പൊതുവിൽ ഉണ്ടായിരിക്കുന്നത്. കെ.എസ്.ഡി.പി.യുടെ കീഴിലുള്ള വിറ്റാമിൻ-എ പ്ലാന്റിന്റെ പ്രവർത്തനവും നിറുത്തിവച്ചിരിക്കുകയാണ്. ആ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ പടുത്തുയർത്തിയ ബിൽഡിംഗ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാടകയ്ക്കെടുത്ത് ഗോഡൗണായി ഉപയോഗി ച്ചുകൊണ്ടിരിക്കുകയാണ്. കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന അതേ മരുന്നു കൾതന്നെ വെളിയിൽ നിന്നും വാങ്ങി അവിടെ സംഭരിച്ചുവച്ചിരിക്കുകയാണ്. കാലപരിധി കഴിഞ്ഞ മരുന്നുകൾ ആ ഗോഡൗണിന് വെളിയിൽ മലപോലെ കൂട്ടിയിട്ട് കത്തിച്ചുകൊണ്ടിരിക്കുകയാണ്. കേരള മെഡിക്കൽ സർവ്വീസസ്

കോർപ്പറേഷൻ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്, കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്നത് സംസ്ഥാനത്തിന് ആവശ്യമുള്ള ഗുണനിലവാരമുള്ള മരുന്നുകളല്ലെന്നാണ്. എന്നാൽ സ്വകാര്യ കമ്പനികളിൽനിന്നും വാങ്ങി അവിടെ സംഭരിച്ചുവച്ചിരിക്കുന്നത് കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന അതേ ഇനത്തിൽപ്പെട്ട മരുന്നുകൾ തന്നെയാണ്, കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്നിനേക്കാൾ ഗുണനിലവാരം കുറഞ്ഞവയാണ്. അങ്ങനെ കെ.എസ്.ഡി.പി. നൽകുന്ന മരുന്നുകൾ വാങ്ങുന്നില്ലെന്നു മാത്രമല്ല, വിലകുറച്ച് കൊടുക്കാൻ നിർബന്ധിക്കുകയും ആ വ്യവസായത്തിന് മുന്നോട്ട് പോകാൻ കഴിയാത്തവിധം ദ്രോഹകരമായ നടപടി സ്വീകരിക്കുകയും ചെയ്യുകയാണ്. സംസ്ഥാന ഗവൺമെന്റ് എന്ത് തീരുമാനമെടുത്താലും, മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ അവിടെച്ചെന്ന് ചർച്ച നടത്തിയാലും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ കെ.എസ്.ഡി.പി.യിൽ നിന്ന് മരുന്ന് വാങ്ങില്ല. ഇതുതന്നെയാണ് ഐ.ഡി.പി.എൽ.-ന്റെയും സ്ഥിതി. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ, മരുന്ന് നിർമ്മാണ ഫാക്ടറിയായ ഐ.ഡി.പി.എൽ.-ലും ഇത് തന്നെയാണ് നടക്കുന്നത്. കേന്ദ്രഗവൺമെന്റ് എന്ത് തീരുമാനമെടുത്താലും ഐ.ഡി.പി.എൽ-ൽ നിന്ന് മരുന്ന് വാങ്ങാൻ ഇന്ന് സർക്കാർ ഏജൻസികൾ തയ്യാറാകുന്നില്ല. സ്വകാര്യ മരുന്നുല്പാദക കമ്പനികളുടെ, കുത്തകകളുടെ നീരാളിപ്പിടിത്തം ഇന്ന് എല്ലാ മേഖലകളിലും സർവ്വവ്യാപകമായി നിലകൊള്ളുകയാണ്. മുമ്പ് കെ.എസ്.ഡി.പി. യുടെ തലപ്പത്തിരുന്ന ആൾ തന്നെയാണ് ഇന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ തലപ്പത്തിരിക്കുന്നത്. ഇപ്പോൾ കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്നുകളുടെ നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ അവിടെ വമ്പിച്ച തോതിൽ സംഭരിച്ചു വച്ചിരിക്കുകയാണ്. എന്നിട്ടാണ് ഗുണനിലവാരമുള്ള മരുന്നല്ല കെ.എസ്.ഡി.പി. ഉല്പാദിപ്പി

ക്കുന്നതെന്ന് പറഞ്ഞുകൊണ്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങാതിരിക്കുന്നത്. അങ്ങനെ ഒരു വലിയ ഇരട്ടത്താപ്പ് പണി അവിടെ നടക്കുന്നുവെന്ന് മാത്രമല്ല ഒരു പൊതുമേഖലാ സ്ഥാപനത്തെ എങ്ങനെ നശിപ്പിക്കാമെന്ന് ഗവേഷണം നടത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി ഗുണനിലവാരമുള്ള മരുന്ന് നമ്മുടെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നില്ല. അവിടെ കെട്ടിക്കിടക്കുന്ന മൂന്നരക്കോടിയിലധികം രൂപയുടെ മരുന്നുകൾ ഞാൻ പോയി കണ്ടതാണ്. വളരെ അവശ്യം വേണ്ട പാരസെറ്റമോൾ ഉൾപ്പെടെയുള്ള മരുന്നുകളും ജീവൻരക്ഷാ ഔഷധങ്ങളുമാണ് അവിടെ ഉല്പാദിപ്പിച്ച് സ്റ്റോക്ക് ചെയ്തുവയ്ക്കാൻ സ്ഥലമില്ലാതെ വരാന്തയിലും മറ്റുമായി കിടക്കുന്നത്. ആ മരുന്ന് വാങ്ങാൻ തയ്യാറാകുന്നില്ലെന്നുമാത്രമല്ല വളരെ വ്യത്യസ്തമായ നിലപാട് സ്വീകരിച്ച് ആ സ്ഥാപനത്തെ ദ്രോഹിക്കുകയുമാണ്. നൂറുക്കണക്കിന് ആളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന മഹത്തായ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് വിഘാതം നിൽക്കുന്ന ഈ ഗവൺമെന്റ് നടപടി അവസാനിപ്പിച്ചേ മതിയാകൂ. കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുമെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി, എന്നാൽ വാങ്ങുന്നില്ല. 500 കോടി രൂപയുടെ മരുന്നാണ് പ്രതിവർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്നത്. അതിൽ 25 ശതമാനം മരുന്നിനുള്ള ഓർഡർ കെ.എസ്.ഡി.പി.-ക്ക് കൊടുക്കുമെങ്കിൽ കെ.എസ്.ഡി.പി.-ക്ക് ലാഭകരമായി പ്രവർത്തിക്കാൻ കഴിയും. മൂന്നരക്കോടി രൂപയുടെ മരുന്ന് ഒരു മാസം വാങ്ങുമെങ്കിൽ കെ.എസ്.ഡി.പി.-യെ ലാഭകരമായി കൊണ്ടുപോകാൻ

കഴിയും. അങ്ങനെ കേവലം 40 കോടി രൂപയുടെ മരുന്നിന് ഒരു വർഷം ഓർഡർ കൊടുക്കുമെങ്കിൽ കെ.എസ്.ഡി.പി. നന്നായി മുന്നോട്ടുപോകും. എന്നാൽ അത് ചെയ്യുന്നില്ല എന്നുള്ളതാണ് സത്യം. ആരോഗ്യ വകുപ്പിനു കീഴിലുള്ള ഒരു പൊതുമേഖലാ സംരംഭമായ ആ സ്ഥാപനത്തെ എങ്ങനെ മരുന്നുല്പാദന രംഗത്തെ മാഫിയാസംഘം ഒരു നീരാളിയെപ്പോലെ പിടികൂടി യിരിക്കുന്നു എന്നുള്ളത് ഇതിൽ നിന്ന് വ്യക്തമാണ്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടണം. ആലപ്പുഴ ജില്ല യിലെ ഏക പൊതുമേഖലാ സ്ഥാപനമാണിത്. ഏറ്റവും ഊർജ്ജസ്വലമായി പ്രവർത്തിക്കേണ്ട ഈ പൊതുമേഖലാ സ്ഥാപനത്തെ ശ്വാസംമുട്ടിച്ച് കൊല്ലുന്ന നടപടിയിൽനിന്ന് ഗവൺമെന്റ് പിന്തിരിയണം.

## കെ.എസ്.ഡി.പി. നേരിടുന്ന പ്രതിസന്ധി

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമ രാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഈ വിഷ യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളിൽ ചില വാസ്തവമുണ്ട്. 3.6 കോടി രൂപയുടെ മരുന്ന് കെട്ടികിടക്കുന്നുവെന്നത് സത്യ മാണ്. പക്ഷേ അവിടെ പ്രതിസന്ധിയില്ല. കെ.എസ്.ഡി.പി-യെ സംബന്ധിച്ചിട ത്തോളം പ്രതിസന്ധിയുണ്ടെന്നുള്ള വാദം ശരിയല്ല, മാത്രമല്ല ആശങ്കയ്ക്കും വകയില്ല. കാരണം, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റ ഡിൽ കെട്ടിക്കിടക്കുന്ന 3.6 കോടി രൂപയുടെ മരുന്നുകളിൽ 2.14 കോടി രൂപ യുടെ ഏഴിനം മരുന്നുകളുടെ കാലാവധി ഡിസംബർ 2013-നാണ് അവസാനി ക്കുന്നത്. മെഡിക്കൽ കോർപ്പറേഷനോട് അത് ഏറ്റെടുക്കുവാൻ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ആരോഗ്യവ

കുപ്പുമന്ത്രിയും പങ്കെടുത്ത കോൺഫറൻസിൽ അതുസംബന്ധിച്ച് ധാരണ യായിട്ടുണ്ട്. യാതൊരുവിധ ടെൻഡറും കൂടാതെ കെ.എസ്.ഡി.പി. ഉത്പാദിപ്പി ച്ചതും ഉത്പാദിപ്പിക്കുന്നതുമായ മരുന്നുകൾ 01-10-2012 മുതൽ കെ.എം. എസ്.സി.എൽ. വാങ്ങിത്തുടങ്ങുന്നതിന് 05-09-2012-ലെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കോൺഫറൻസിൽ തീരുമാനമായിട്ടുണ്ട്. അതനുസ രിച്ച് കെ.എം.എസ്.സി.എൽ. ഏറ്റെടുത്തത് 4.7 കോടി രൂപയുടെ മരുന്നുക ളാണ്. ഈ സാമ്പത്തിക വർഷം 12.92 കോടി രൂപയുടെ ഓർഡറുകളാണ് നാളിതുവരെ ലഭിച്ചത്. 12.11 കോടി രൂപയുടെ മരുന്നുകൾ കൊടുത്തുക ഴിഞ്ഞു. ബാക്കി തുകയുടെ മരുന്നുകൾ ഉടനെ നൽകുന്നതാണ്. തുടർന്നും മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽനിന്ന് ഓർഡറുകൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ജി.എം.പി. സർട്ടിഫിക്കേഷൻ ഈ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം വലിയ ഒരു നാഴികകല്ലാണ്. അതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. മൂന്നുമാസത്തി നുള്ളിൽ ജി.എം.പി. സർട്ടിഫിക്കേഷൻ കിട്ടിയാൽ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മാത്രമല്ല കേരളത്തിലെ പൊതു മാർക്കറ്റിലും മരുന്ന് വിൽപ്പന നടത്തുവാൻ സാധിക്കും. മറ്റു സംസ്ഥാനങ്ങളിലെ ആരോഗ്യവകുപ്പിനും ഇവിടെ ഉത്പാദിപ്പിക്കുന്ന മരുന്ന് നൽകുവാൻ സാധിക്കും. മൂന്നുമാസത്തി നുള്ളിൽ ഓപ്പൺ മാർക്കറ്റിലേയ്ക്ക് പ്രവേശിക്കുവാൻ സാധിക്കുമെന്നുള്ള താണ് ഇപ്പോഴത്തെ അവസ്ഥ. അതുകൊണ്ട് യാതൊരു ആശങ്കയ്ക്കും വക യില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കും. മുഖ്യമന്ത്രിയു ടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഇതു സംബന്ധിച്ച് വീണ്ടും ചർച്ചകൾ നടത്തും. മെഡിക്കൽ

സർവ്വീസസ് കോർപ്പറേഷനെക്കൊണ്ട് മുഴുവൻ മരുന്നുകളും ഏറ്റെടുപ്പിക്കുവാനുള്ള നടപടിയും സ്വീകരിക്കും.

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അവിടെ യാതൊരു പ്രതിസന്ധിയുമില്ലായെന്നാണ്. എന്നാൽ അവിടെ കെ.എസ്.ഡി.പി. പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്, ഉത്പാദനം നടക്കുന്നില്ല, ജീവനക്കാർക്ക് വെറുതെ ശംബളം കൊടുക്കുകയാണ്. കെ.എസ്.ഡി.പി.-യുടെ സ്ഥാപിതശേഷിക്കനുസരിച്ച് ഉത്പാദനം നടത്തിയാൽ ആ മരുന്ന് മുഴുവൻ വാങ്ങാൻ ഗവൺമെന്റ് തയ്യാറാകുമോ? അതോടൊപ്പം ഇന്നത്തെ സാധ്യതകളാകെ കണ്ടുകൊണ്ട് സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് എന്ത് പദ്ധതിയാണ് ഗവൺമെന്റ് ആവിഷ്കരിച്ചതെന്ന് പറയാമോ?

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഒരുപാട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ടത് 2.9 കോടി രൂപ ചെലവിൽ സ്ഥാപിച്ചിരിക്കുന്ന എൻ.എ.ബി.എൽ അക്രെഡിറ്റഡ് ലാബ് മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാൻ സാധിച്ചാൽ നമ്മുടെ സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന മുഴുവൻ മരുന്നുകളുടെയും ഗുണപരിശോധന ആ ലാബിൽ നിർവ്വഹിക്കുവാൻ സാധിക്കുമെന്ന് മത്രമല്ല ബിവറേജസ് കോർപ്പറേഷനും ഈ ലാബ് ഉപയോഗപ്പെടുത്താൻ കഴിയും. അതോടൊപ്പംതന്നെ 9.8 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആന്റിബയോട്ടിക്ക് ഇഞ്ചക്ഷൻ നിർമ്മിക്കുന്ന ബീറ്റാലാക്ടം പ്ലാന്റ് മേയ് മാസത്തോടുകൂടി കമ്മീഷൻ ചെയ്യുവാൻ സാധിക്കും. ഗവൺമെന്റിന് ഇതിൽ വലിയ പ്രതീക്ഷയാണുള്ളത്.

## സമഗ്ര വിദ്യാഭ്യാസ പദ്ധതി

<u>ശ്രീ. എം. ഷംസുദീൻ</u>: സർ, കേരളത്തിലെ ബുദ്ധിപരവും വളർച്ചാപരവുമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പോൾസി, ഡൗൺ സിൺഡ്രോം എന്നീ അവശതകൾ അനുഭവിക്കുന്ന ആയിരക്കണക്കിന് കുട്ടികളുടെ വിദ്യാഭ്യാസ തൊഴിൽ പ്രശ്നങ്ങളിലേക്ക് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ജൻമനാ ബുദ്ധി ന്യൂനതയുള്ള കുട്ടികൾ ഒരു കുടുംബത്തിന്റെ മാത്രമല്ല സമൂഹത്തിന്റെ തന്നെ നൊമ്പരമാണ്. സമൂഹത്തിന്റെ അരികുപറ്റി ജീവിക്കാൻ വിധിക്കപ്പെട്ട ഈ പതിത ജൻമങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾക്ക് നേതൃത്വം കൊടുക്കാൻ സർക്കാരുകൾക്ക് കഴിയണം. കേരളത്തിലെ മുന്നൂറോളം സ്പെഷ്യൽ സ്ക്കൂളുകളിൽ പഠിക്കുന്ന ബുദ്ധിവികാസം പ്രാപിക്കാത്ത ഇരുപതിനായിരത്തിൽപ്പരം വിദ്യാർത്ഥികളുടെ പ്രശ്നങ്ങളും അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ലഭിക്കേണ്ട പരിരക്ഷയും ആനുകൂല്യങ്ങളുടെ വർദ്ധനവിനെയും സംബന്ധിച്ചാണ് എനിക്ക് ഉന്നയിക്കാനുള്ളത്. കേരളത്തിൽ ഈ രംഗത്ത് ഇന്നുള്ള സ്ഥിതിവിശേഷം അതിദയനീയമാണ്. ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ വിദ്യാഭ്യാസ, തൊഴിൽ വിഷയങ്ങളിൽ ഇന്ത്യയും കേരളവുമെല്ലാം ഒട്ടേറെ ക്രിയാത്മക കാര്യങ്ങൾ ചെയ്തു തീർക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഇന്ത്യ ലോകത്തുതന്നെ ഏറെ പുറകിൽ നിൽക്കുന്ന രാജ്യങ്ങളിൽ ഒന്നാണ്. അത്ഭുതമെന്നപോലെ പൊതുസാഹചര്യങ്ങൾക്കു വിരുദ്ധമായി കേരളം ഈ വിഷയത്തൽ മറ്റു പല ഇന്ത്യൻ സംസ്ഥാനങ്ങൾക്കും പുറകിലാണെന്നുള്ളതാണ് വസ്തുത. സാമൂഹിക സാംസ്കാരിക മേഖലയിലും വിദ്യാഭ്യാസ ആരോഗ്യ രംഗത്തുമെല്ലാം കേരളത്തിന് രാജ്യത്തെ ഉന്നത സ്ഥാനമുണ്ടെങ്കിലും ബുദ്ധി മാന്ദ്യമുള്ളവരുടെ വിദ്യാഭ്യാസ തൊഴിൽ കാര്യങ്ങളിൽ കേരളത്തിന്റെ സ്ഥാനം ഏറെ പുറകിലാണ്. ഈയൊരു

അവസ്ഥയ്ക്ക് കാരണമായി നിരീക്ഷിക്കപ്പെടുന്ന സാമൂഹിക സാഹചര്യം, ബുദ്ധിപരവും മാനസികപരവുമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന വർക്ക് അവരുടെ പ്രശ്നങ്ങൾ സ്വയം ഉന്നയിക്കാനാവില്ല എന്നതുകൊണ്ട് നിരന്തരം അവഗണനയ്ക്ക് വിധേയരാകുന്നു എന്നതാണ്. സാധാരണ മറ്റ് ഏത് ജനവിഭാഗങ്ങളും അവരുടെ അവകാശങ്ങൾക്കുവേണ്ടി അവർ തന്നെ സ്വയം ശബ്ദിച്ചുകൊണ്ടേയിരിക്കും. തങ്ങളുടെ അവകാശങ്ങൾ സ്വയം തിരിച്ചറിഞ്ഞ് സ്വയം ശബ്ദിക്കാൻ കഴിയാത്തതിനാലാണ് അവർ ഇത്ര വലിയ അവഗണനയ്ക്ക് വിധേയമാകുന്നത് എന്നതാണ് ഇവിടെ കാണുന്ന കാര്യം. ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ വിദ്യാഭ്യാസ ത്തിന് കേരളത്തിൽ ഇന്ന് ഏതാണ്ട് മുന്നൂറിലധികം ചെറുതും വലുതുമായ സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്പെഷ്യൽ സ്കൂളു കളിലെല്ലാം കൂടി ഇരുപതിനായിരത്തോളം കുട്ടികൾ പരിശീലനം തേടുന്നു. ഈ സ്പെഷ്യൽ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരും അനദ്ധ്യാപ കരുമായ ജീവനക്കാരുടെ എണ്ണമാകട്ടെ മൂവായിരത്തിനടുത്താണ്. കേരള ത്തിൽ സി.എച്ച്. മുഹമ്മദ് കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന പേരിൽ തിരുവനന്തപുരം പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സ്ഥാപനമൊഴിച്ച് ബാക്കി സ്പെഷ്യൽ സ്കൂളുകളൊക്കെ തന്നെ സന്നദ്ധ സംഘടനകളുടെ നിയന്ത്രണത്തിലുള്ളതാണ്. ഈയിടെ കേരളത്തിൽ തുടക്ക മിട്ട കുടുംബശ്രീ ബഡ്സ് സ്കൂളുകളും സർക്കാർ നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്കൂളുകളാണ്. സമഗ്രവും ശാസ്ത്രീയവുമായ ഒരു സമീപന ത്തിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയെ ഗൗരവമായി പരിഗണിച്ച് നടപടി കൾ സ്വീകരിക്കാനുള്ള ജാഗ്രതയും സന്നദ്ധതയും പ്രകടിപ്പിക്കേണ്ട അത്യാസന്ന സാഹചര്യമാണുള്ളത്. ഇവർക്കൊരു കരിക്കുലമോ ഒരു പാഠ്യ

പദ്ധതിയോ സ്ക്കൂളുകളെ ഏകീകരിപ്പിക്കുന്ന നടപടിയോ ഒന്നുമില്ല. സ്പെഷ്യൽ സ്കൂളുകൾക്ക് പൊതുവായി അവലംബിക്കാവുന്ന പാഠ്യ പദ്ധതിയോ മാർഗ്ഗ നിർദ്ദേശങ്ങളോ നിലവിലില്ല. കേരളത്തിലെ എഡ്യൂക്കേ ഷൻ റൂളിൽ (കെ.ഇ.ആർ) ഇവരുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങളോ രേഖകളോയില്ല. ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ ഭരണഘട്ടത്തിൽ സുപ്രധാന മായ ചില തീരുമാനങ്ങളിലൂടെ ഈ രംഗത്തെ പ്രശ്നങ്ങളെ ക്രിയാത്മകമായി അഭിസംബോധന ചെയ്യാൻ ശ്രമിച്ചിരുന്നു. അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പബ്ളിക് ഇൻസ്ട്രക്ഷൻസ് ശ്രീമതി. ജെ. ബീനയുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് റിപ്പോർട്ട് വാങ്ങുകയും ചെയ്തിരുന്നു. എന്നാൽ ആ റിപ്പോർട്ടിൻമേലൊരു നടപടിയുമുണ്ടായില്ല. കേന്ദ്ര സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയത്തിൽ നിന്നും കേരളത്തിലെ 48 സ്പെഷ്യൽ സ്കൂളുകൾക്ക് നാമമാത്രമായിട്ടാണെങ്കിലും ഗ്രാന്റ് ലഭിക്കുന്നുണ്ട്. ബാക്കി വരുന്ന സ്പെഷ്യൽ സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ നിലവിൽ അംഗീകാരമുള്ള സ്കൂളുകൾക്ക് ഡി.പി.ഐ ഓഫീസ് മുഖാന്തിരം ഗ്രാന്റ് നൽകുന്നുണ്ടെങ്കിലും അത് മാനേജ്മെന്റുകൾ നേരിട്ടാണ് നൽകുന്നത്. ഈ സ്കൂളിൽ അദ്ധ്യാപകരുടെ ശമ്പളം മൂവായിരം രൂപയിൽ താഴെയാണ്. എത്ര ശ്രമകരമായൊരു ദൗത്യമാണ്. അദ്ധ്യാപകവൃത്തി എന്നത് സർഗ്ഗാത്മകമായ ഒരു സേവനമാണ്. പക്ഷെ ഈ അദ്ധ്യാപകർ ശാരീരിക അവശതകളും ബുദ്ധി മാന്ദ്യവുമുള്ള കുട്ടികളെ ശരിക്കും പരിചരിക്കുകയാണ്. ഈ സ്ഥാപന ങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റിൽ നിന്ന് മാനേജ്മെന്റുകൾ അവർക്ക് കൊടുക്കു ന്ന ശമ്പളമെന്നുപറയുന്നത് കേവലം മൂവായിരത്തിൽ താഴെയുള്ള രൂപയാണ്.

ഈ ഒരു സാഹചര്യം ഗൗരവത്തോടുകൂടി കാണേണ്ടതുണ്ട്. അതുപോലെ തന്നെ ഇവരെ പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ പ്രധാനമായും പരീക്ഷണ നിരീക്ഷണങ്ങളിൽ വന്നിട്ടുള്ളത് അഞ്ചുഘട്ട ങ്ങളുള്ള ഒരു പുനരധിവാസ പ്രക്രിയയാണ്. ഞാനത് ചുരുക്കിപറയാം. ബുദ്ധിപരവും വളർച്ചാപരവുമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരെ പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്ന പുനരധിവാസമെന്ന പ്രക്രിയ പൂർത്തീകരിക്കുന്നതിന് ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ ഒരു രീതിയുണ്ട്. പുനരധിവാസത്തിലെ വിവിധ ഘട്ടങ്ങൾ എന്നുപറയുന്നത് 1) നേരത്തെ പ്രശ്നം തിരിച്ചറിയുക. (Early identification and detection) 2) നേരത്തെ ഇടപെടുക (Early intervention) 3) സവിശേഷ വിദ്യാഭ്യാസം (Special Education) 4) തൊഴിൽ പരിശീലനം (Vocational Training) 5) ജോലി നൽകൽ (Job placement) ഇങ്ങനെയുള്ള ഒരു സമീപനം ഇവരുടെ കാര്യത്തിലുണ്ടാകണം. അതുപോലെതന്നെ സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാരുടെ സ്ഥിതി വളരെ മോശമാണ്. അതുല്യവും അസാധാരണവുമായ സമർപ്പിത സേവനമാണ് സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ നടത്തുന്നത്. പ്രതിബദ്ധിതവും മൂല്യാധിഷ്ഠിതവുമായ മനോഭാവമില്ലാതെ ഈ രംഗത്ത് പ്രവർത്തിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഇവരുടെ സേവനങ്ങൾക്ക് ഉന്നത പരിഗണന നൽകി അവരുടെ സേവന വേതന വ്യവസ്ഥകൾ കാലോ ചിതമാക്കാനും വ്യവസ്ഥാപിതമാക്കാനും സർക്കാർ അടിയന്തരമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഒരു പക്ഷെ ഒരു തരത്തിലും സാമൂഹിക സുരക്ഷി തത്വം ലഭിക്കാത്ത ഒരപൂർവ്വ വിഭാഗമാണ് കേരളത്തിലെ ബുദ്ധിപരമായ

വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാർ. ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ന് സ്വകാര്യ മേഖലയിൽ ഒട്ടേറെ പരിമതികളുമായി പ്രവർത്തിച്ചുവരുന്ന ഉയർന്ന നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളെ എയ്ഡഡ് സ്റ്റാറ്റസിലേക്ക് കൊണ്ടുവരാനുള്ള ഉദ്യമം ഈ മേഖലയോട് കാണിക്കുന്ന സാമാന്യ നീതിയായിരിക്കും. അങ്ങനെയൊരു പ്രധാന നിർദ്ദേശം ഇക്കാര്യത്തിൽ സമർപ്പിക്കാനുണ്ട്. തൊഴിൽ പരിശീലനത്തിനും പദ്ധതികളുണ്ടാവണം.

മി. സ്പീക്കർ: ഇപ്പോൾ തന്നെ ഏഴു മിനിട്ടായി

ശ്രീ. എം. ഷംസുദീൻ: സർ, പരിഹാര നിർദ്ദേശങ്ങൾ ഞാൻ ചുരുക്കി പറയാം. സംസ്ഥാനത്തെ മുഴുവൻ സ്പെഷ്യൽ സ്കൂളുകൾക്കും ബാധകമായ പാഠ്യപദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിലെ വിദ്യാഭ്യാസ ചട്ടത്തിൽ (കെ.ഇ.ആർ) ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ വിദ്യഭ്യാസ വിഷയം വികലാംഗരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതിനോടൊപ്പം ചേർക്കണം. അതുപോലെ രണ്ട് പ്രധാന കേന്ദ്ര ആക്ടുകൾ, സമയക്കുറവുകൊണ്ട് ഞാനത് വിശദീകരിക്കുന്നില്ല, അത് നടപ്പാക്കണം. ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്റ്റാറ്റസിലേക്ക് ഉയർത്തണം. സി.എച്ച്. മുഹമ്മദ് കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തണം. കോഴിക്കോടും, എറണാകുളത്തും ഇതിന് കേന്ദ്രങ്ങളുണ്ടാകണം. തൊഴിൽപരിശീലനം, ഗവേഷണം ഈ രംഗത്ത് നിലവിലുള്ള സ്പെഷ്യൽ എഡ്യൂക്കേഷൻ തെറാപ്യൂട്ടിക്കൽ കോഴ്സുകൾ എന്നിവ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടപ്പാക്കണം. ഇക്കാര്യങ്ങ

ളിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുഭാവപൂർണ്ണമായ പരിഗണനയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സമഗ്രവിദ്യാഭ്യാസ പദ്ധതി

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ഡൗൺസ് സിൻഡ്രോം തുടങ്ങിയവ ബാധിച്ച് ബുദ്ധിപരമായ വളർച്ചയിൽ തകരാറ് സംഭവിച്ച കുട്ടികളും അവരുടെ മാതാപിതാക്കളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും 'സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്' എന്ന സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ ഡോ. എം.കെ. ജയരാജിനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്ന 273 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പി.ബ്ല്യു.ഡി. ആക്ട് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ ഭൂരിഭാഗവും നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾ (എൻ.ജി.ഒ.) നടത്തുന്നവയാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നടത്തിവരുന്ന സ്ഥാപനങ്ങളും ഉൾപ്പെടുന്നു. ഇത്തരം സ്ഥാപനങ്ങളിൽ 55 എണ്ണത്തിന് കഴിഞ്ഞ വർഷം കേന്ദ്രസർക്കാരിന്റെ 'ദീനദയാൽ ഡിസെയ്ബിൾഡ് റിഹാബിലിറ്റേഷൻ സ്കീം' (ഡി.ഡി.ആർ.എസ്.) പ്രകാരം ധനസഹായം ലഭിച്ചിരുന്നു. ശേഷിക്കുന്ന സ്കൂളു

കൾക്ക് സംസ്ഥാനസർക്കാർ കഴിഞ്ഞ വർഷം പത്തുകോടി രൂപ അനുവദിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. നടപ്പുവർഷവും പ്രസ്തുത ആവശ്യത്തിന് പത്തുകോടി രൂപ വകയിരുത്തിയി ട്ടുണ്ട്. ഒരു സ്ഥാപനത്തിന് കുറഞ്ഞത് 2 ലക്ഷം രൂപയും പരമാവധി 12 ലക്ഷം രൂപയുമാണ് അനുവദിച്ചുവരുന്നത്. മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് കേന്ദ്രാവി ഷ്കൃത പദ്ധതിയായ Intergrated Education for disabled (IEDC/Inclusive Education for the Disabled Secondary Stage (IEDSS) സ്കീമിനോട് താരതമ്യപ്പെ ടുത്തി ഹോണറേറിയം വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി.) എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ മാനസികമായ വെല്ലുവിളി കൾ നേരിടുന്ന കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനും തൊഴിൽ പരിശീലനം ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇത്തരം സ്ക്കൂളുകൾക്ക് ഏകീകൃത പാഠ്യപദ്ധതി രൂപീകരിക്കുന്നതിന് എസ്.സി.ഇ. ആർ.റ്റി. നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരി ടുന്ന കുട്ടികൾക്കായി സംസ്ഥാനത്ത് സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും സ്ക്കൂളുകൾ പ്രവർത്തിക്കുന്നില്ല. എയ്ഡഡ് മേഖലയിൽ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയിൽ ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ ബാധിച്ച കുട്ടികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി, വൈദ്യ പരിശോധനാ ക്യാമ്പ് വഴി ഇത്തരം വൈകല്യങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം, റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, അറ്റന്ററുടെ സേവനം, തെറാപ്പി സേവനങ്ങൾ, റിസോഴ്സ് റൂം, റിസോഴ്സ് റൂമിലേയ്ക്കുള്ള ഉപകരണങ്ങൾ, ഐ.സി.റ്റി.ഇ. റിസോഴ്സ്, ടീച്ചർമാർക്കും രക്ഷിതാക്കൾക്കും മറ്റുമുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകൾ എന്നിവ ലഭ്യമാക്കി വരുന്നു. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വാസ്തു ശില്പപരമായ തടസ്സങ്ങൾ നീക്കം ചെയ്യൽ, എൻവയോൺമെന്റ് ബിൽഡിംഗ് പരിപാടികൾ തുടങ്ങിയ സേവനങ്ങളും വിദ്യാർത്ഥികൾക്കായി നൽകിവരുന്നു. ഐ.ഇ.ഡി.എസ്.എസ്.-ന് കീഴിൽ കരാർ വ്യവസ്ഥയിൽ റിസോഴ്സ് ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

നിലവിൽ 11620/- രൂപ (കൺസോളിഡേറ്റഡ്) ശമ്പളമാണ് റിസോഴ്സ് അധ്യാപകർക്ക് നൽകുന്നത്. കൂടാതെ കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം (എം.എച്ച്.ആർ.ഡി.) നിഷ്കർഷിക്കുന്ന യോഗ്യത ഉള്ളവർക്ക് 400/- രൂപ സ്പെഷ്യൽ അലവൻസായി നൽകുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകളിൽ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി സർക്കാർ മേഖലയിൽ നാല് ഡി.എഡ്ല്.എസ്.ഇ. (എം.ആർ.) ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ്, മലപ്പുറം, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിലാണ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നത്. പ്രസ്തുത ട്രെയിനിംഗ്

സെന്ററുകൾ ആരംഭിക്കുന്നതിനായി 240 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള ഭരണാനുമതി എത്രയുംവേഗം നൽകുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വളരെ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. കാരണം, യാതൊരുവിധ ലാഭേച്ഛയുമില്ലാതെ ഒരു സാമൂഹിക ധർമ്മം എന്ന രീതിയിലാണ് ഇവ പ്രവർത്തിക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കണമെന്ന അപേക്ഷ ഒരിക്കൽക്കൂടി ആവർത്തിക്കുന്നു.

ശ്രീ. പി.കെ. അബ്ദുറബ്ബ്: സർ, ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. സർക്കാരിന് ലഭിക്കുന്ന ഫണ്ടിന്റെ മുറയ്ക്കനുസരിച്ച് അവർക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ടിരിക്കുകയാണ്.

**കെ.എസ്.ഡി.പി. നേരിടുന്ന പ്രതിസന്ധി**

ശ്രീ. പി. തിലോത്തമൻ : സർ, ഔഷധ നിർമ്മാണ രംഗത്ത് കേരളത്തിന്റെ ഏക പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ഡി.പി. 1974-ൽ പ്രവർത്തനം ആരംഭിച്ച, നമ്മുടെ അഭിമാനമായ ഈ സ്ഥാപനം ഇന്ന് വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രതിവർഷം 8000-10000 കോടി രൂപയുടെ മരുന്ന് വിറ്റഴിക്കപ്പെടുന്ന കേരളത്തിൽ വലിയ സാദ്ധ്യതയാണ് ഈ വ്യവസായ സംരംഭത്തിനുള്ളത്. എന്നാൽ സംസ്ഥാന ഖജനാവിൽ നിന്ന് കോടാനുകോടി രൂപ ചെലവഴിച്ച് എമർജിംഗ് കേരള ഉൾപ്പെടെ നിരവധി ആഘോഷപരിപാടികൾ നടത്തുന്ന സംസ്ഥാന ഗവൺമെന്റ് ഈ പൊതുമേഖലാ സ്ഥാപനത്തിന് ദയാവധം വിധിച്ചിരിക്കുക

യാണ്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുമെന്ന പ്രതീക്ഷയിൽ അവിടെ നിർമ്മിച്ചുവച്ചിരിക്കുന്ന മൂന്നരക്കോടി രൂപയുടെ മരുന്നുകൾ ഇന്ന് കെട്ടിക്കിടക്കുകയാണെന്ന് മാത്രമല്ല കഴിഞ്ഞ ഏപ്രിൽ മാസം ഉല്പാദിപ്പിച്ച മരുന്നുകളുടെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ വലിയ ആശങ്കയാണ് ജീവനക്കാർക്കും മാനേജ്മെന്റിനുമുള്ളത്. 1974 മുതൽ ഇതുവരെയുള്ള ചരിത്രം പരിശോധിച്ചു കഴിഞ്ഞാൽ, കെ.എസ്.ഡി.പി. എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കാലാകാലങ്ങളിൽ അധികാരത്തിൽ വരുന്ന ഗവൺമെന്റുകളുടെ സമീപനമാണ് ഇതിന്റെ പ്രധാന കാരണം. എന്നാൽ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.ഡി.പി.യെ സംരക്ഷിക്കാനും അതിനെ ശക്തമായി മുന്നോട്ട് നയിക്കാനും ആവശ്യമായ ചില നിലപാടുകൾ സ്വീകരിക്കുകയുണ്ടായി. അതിന്റെ നവീകരണത്തിനും ആധുനിക രീതിയിലുള്ള ലബോറട്ടറികൾ സ്ഥാപിക്കുന്നതിനുമുൾപ്പെടെ കോടാനുകോടി രൂപയുടെ സഹായം നൽകുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. 2008-ൽ ഉണ്ടാക്കിയ കരാർ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇറക്കിയ ഉത്തരവ് പ്രകാരം അവിടെ ഉല്പാദിപ്പിക്കുന്ന മരുന്നുകൾ ടെണ്ടർ നടപടികളില്ലാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യാൻ നടപടി എടുത്തിരുന്നു. എന്നാൽ ഇന്ന് അത്തരത്തിൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. 40 കോടിയിലധികം രൂപയുടെ മരുന്നിന് കഴിഞ്ഞ സർക്കാർ ഓർഡർ നൽകിയിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ 20 മാസങ്ങളിലായി

ആകെ 12 കോടി രൂപയുടെ മരുന്നുകൾ മാത്രമാണ് വാങ്ങാൻ തയ്യാറായിട്ടുള ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഉത്തരവ് പ്രകാരം ഓരോ ഇനം മരുന്നു കൾക്കും കൃത്യമായ വില നിശ്ചയിച്ചിരുന്നുവെങ്കിലും അതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് കെ.എസ്.ഡി.പി. നൽകണമെന്ന കർക്കശമായ നിലപാ ടാണ് ഇന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചിരിക്കു ന്നത്. എന്നാൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ആ മരുന്നു കൾ തന്നെ സ്വകാര്യ മരുന്നുല്പാദക കമ്പനികളിൽ നിന്ന് വില കൂട്ടി വാങ്ങു ന്നുവെന്നുള്ളതാണ് വേറൊരു പ്രത്യേകത. അങ്ങനെ ഈ വ്യവസായം നഷ്ട ത്തിലകുന്നുവെന്ന് മാത്രമല്ല ഇന്ന് പ്രവർത്തന സ്തംഭനത്തിൽ എത്തിനിൽക്കുകയുമയാണ്. ഇപ്പോൾ അവിടെ ഉല്പാദനം നടക്കുന്നില്ല. ജീവനക്കാർക്ക് ജോലി ചെയ്യാതെ ശമ്പളം കൊടുക്കേണ്ടിവരുന്ന അവസ്ഥ യാണ് പൊതുവിൽ ഉണ്ടായിരിക്കുന്നത്. കെ.എസ്.ഡി.പി.യുടെ കീഴിലുള്ള വിറ്റാമിൻ-എ പ്ലാന്റിന്റെ പ്രവർത്തനവും നിറുത്തിവച്ചിരിക്കുകയാണ്. ആ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ പടുത്തുയർത്തിയ ബിൽഡിംഗ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാടകയ്ക്കെടുത്ത് ഗോഡൗണായി ഉപയോഗി ച്ചുകൊണ്ടിരിക്കുകയാണ്. കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന അതേ മരുന്നു കൾതന്നെ വെളിയിൽ നിന്നും വാങ്ങി അവിടെ സംഭരിച്ചുവച്ചിരിക്കുകയാണ്. കാലപരിധി കഴിഞ്ഞ മരുന്നുകൾ ആ ഗോഡൗണിന് വെളിയിൽ മലപോലെ കൂട്ടിയിട്ട് കത്തിച്ചുകൊണ്ടിരിക്കുകയാണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്, കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്നത് സംസ്ഥാനത്തിന് ആവശ്യമുള്ള ഗുണനിലവാരമുള്ള മരു ന്നുകളല്ലെന്നാണ്. എന്നാൽ സ്വകാര്യ കമ്പനികളിൽനിന്നും വാങ്ങി അവിടെ

സംഭരിച്ചുവച്ചിരിക്കുന്നത് കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന അതേ ഇനത്തിൽപ്പെട്ട മരുന്നുകൾ തന്നെയാണ്, കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്നിനേക്കാൾ ഗുണനിലവാരം കുറഞ്ഞവയാണ്. അങ്ങനെ കെ.എസ്.ഡി.പി. നൽകുന്ന മരുന്നുകൾ വാങ്ങുന്നില്ലെന്നു മാത്രമല്ല, വിലകുറച്ച് കൊടുക്കാൻ നിർബന്ധിക്കുകയും ആ വ്യവസായത്തിന് മുന്നോട്ട് പോകാൻ കഴിയാത്തവിധം ദ്രോഹകരമായ നടപടി സ്വീകരിക്കുകയും ചെയ്യുകയാണ്. സംസ്ഥാന ഗവൺമെന്റ് എന്ത് തീരുമാനമെടുത്താലും, മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ അവിടെച്ചെന്ന് ചർച്ച നടത്തിയാലും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ കെ.എസ്.ഡി.പി.യിൽ നിന്ന് മരുന്ന് വാങ്ങില്ല. ഇതുതന്നെയാണ് ഐ.ഡി.പി.എൽ.-ന്റെയും സ്ഥിതി. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ, മരുന്ന് നിർമ്മാണ ഫാക്ടറിയായ ഐ.ഡി.പി.എൽ.-ലും ഇത് തന്നെയാണ് നടക്കുന്നത്. കേന്ദ്രഗവൺമെന്റ് എന്ത് തീരുമാനമെടുത്താലും ഐ.ഡി.പി.എൽ-ൽ നിന്ന് മരുന്ന് വാങ്ങാൻ ഇന്ന് സർക്കാർ ഏജൻസികൾ തയ്യാറാകുന്നില്ല. സ്വകാര്യ മരുന്നുല്പാദക കമ്പനികളുടെ, കുത്തകകളുടെ നീരാളിപ്പിടിത്തം ഇന്ന് എല്ലാ മേഖലകളിലും സർവ്വവ്യാപകമായി നിലകൊള്ളുകയാണ്. മുമ്പ് കെ.എസ്.ഡി.പി. യുടെ തലപ്പത്തിരുന്ന ആൾ തന്നെയാണ് ഇന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ തലപ്പത്തിരിക്കുന്നത്. ഇപ്പോൾ കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്നുകളുടെ നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ അവിടെ വമ്പിച്ച തോതിൽ സംഭരിച്ചു വച്ചിരിക്കുകയാണ്. എന്നിട്ടാണ് ഗുണനിലവാരമുള്ള മരുന്നല്ല കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങാതിരിക്കുന്നത്. അങ്ങനെ ഒരു വലിയ ഇരട്ടത്താപ്പ് പണി അവിടെ നടക്കുന്നുവെന്ന് മാത്രമല്ല ഒരു പൊതുമേഖലാ സ്ഥാപനത്തെ എങ്ങനെ നശി

പ്പിക്കാമെന്ന് ഗവേഷണം നടത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി ഗുണനിലവാരമുള്ള മരുന്ന് നമ്മുടെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നില്ല. അവിടെ കെട്ടിക്കിടക്കുന്ന മൂന്നരക്കോടിയിലധികം രൂപയുടെ മരുന്നുകൾ ഞാൻ പോയി കണ്ടതാണ്. വളരെ അവശ്യം വേണ്ട പാരസെറ്റമോൾ ഉൾപ്പെടെയുള്ള മരുന്നുകളും ജീവൻരക്ഷാ ഔഷധങ്ങളുമാണ് അവിടെ ഉല്പാദിപ്പിച്ച് സ്റ്റോക്ക് ചെയ്തുവയ്ക്കാൻ സ്ഥലമില്ലാതെ വരാന്തയിലും മറ്റുമായി കിടക്കുന്നത്. ആ മരുന്ന് വാങ്ങാൻ തയ്യാറാകുന്നില്ലെന്നുമാത്രമല്ല വളരെ വ്യത്യസ്തമായ നിലപാട് സ്വീകരിച്ച് ആ സ്ഥാപനത്തെ ദ്രോഹിക്കുകയുമാണ്. നൂറുക്കണക്കിന് ആളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന മഹത്തായ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് വിഘാതം നിൽക്കുന്ന ഈ ഗവൺമെന്റ് നടപടി അവസാനിപ്പിച്ചേ മതിയാകൂ. കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുമെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി, എന്നാൽ വാങ്ങുന്നില്ല. 500 കോടി രൂപയുടെ മരുന്നാണ് പ്രതിവർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്നത്. അതിൽ 25 ശതമാനം മരുന്നിനുള്ള ഓർഡർ കെ.എസ്.ഡി.പി.-ക്ക് കൊടുക്കുമെങ്കിൽ കെ.എസ്.ഡി.പി.-ക്ക് ലാഭകരമായി പ്രവർത്തിക്കാൻ കഴിയും. മൂന്നരക്കോടി രൂപയുടെ മരുന്ന് ഒരു മാസം വാങ്ങുമെങ്കിൽ കെ.എസ്.ഡി.പി.-യെ ലാഭകരമായി കൊണ്ടുപോകാൻ കഴിയും. അങ്ങനെ കേവലം 40 കോടി രൂപയുടെ മരുന്നിന് ഒരു വർഷം ഓർഡർ കൊടുക്കുമെങ്കിൽ കെ.എസ്.ഡി.പി. നന്നായി മുന്നോട്ടുപോകും. എന്നാൽ അത് ചെയ്യുന്നില്ല എന്നുള്ളതാണ് സത്യം. ആരോഗ്യ വകുപ്പിനു

കീഴിലുള്ള ഒരു പൊതുമേഖലാ സംരംഭമായ ആ സ്ഥാപനത്തെ എങ്ങനെ മരുന്നുല്പാദന രംഗത്തെ മാഫിയാസംഘം ഒരു നീരാളിയെപ്പോലെ പിടികൂടിയിരിക്കുന്നു എന്നുള്ളത് ഇതിൽ നിന്ന് വ്യക്തമാണ്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടണം. ആലപ്പുഴ ജില്ലയിലെ ഏക പൊതുമേഖലാ സ്ഥാപനമാണിത്. ഏറ്റവും ഊർജ്ജസ്വലമായി പ്രവർത്തിക്കേണ്ട ഈ പൊതുമേഖലാ സ്ഥാപനത്തെ ശ്വാസംമുട്ടിച്ച് കൊല്ലുന്ന നടപടിയിൽനിന്ന് ഗവൺമെന്റ് പിന്തിരിയണം.

**കെ.എസ്.ഡി.പി. നേരിടുന്ന പ്രതിസന്ധി**

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഈ വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളിൽ ചില വാസ്തവമുണ്ട്. 3.6 കോടി രൂപയുടെ മരുന്ന് കെട്ടികിടക്കുന്നുവെന്നത് സത്യമാണ്. പക്ഷേ അവിടെ പ്രതിസന്ധിയില്ല. കെ.എസ്.ഡി.പി-യെ സംബന്ധിച്ചിടത്തോളം പ്രതിസന്ധിയുണ്ടെന്നുള്ള വാദം ശരിയല്ല, മാത്രമല്ല ആശങ്കയ്ക്കും വകയില്ല. കാരണം, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ കെട്ടിക്കിടക്കുന്ന 3.6 കോടി രൂപയുടെ മരുന്നുകളിൽ 2.14 കോടി രൂപയുടെ ഏഴിനം മരുന്നുകളുടെ കാലാവധി ഡിസംബർ 2013-നാണ് അവസാനിക്കുന്നത്. മെഡിക്കൽ കോർപ്പറേഷനോട് അത് ഏറ്റെടുക്കുവാൻ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയും പങ്കെടുത്ത കോൺഫറൻസിൽ അതുസംബന്ധിച്ച് ധാരണയായിട്ടുണ്ട്. യാതൊരുവിധ ടെൻഡറും കൂടാതെ കെ.എസ്.ഡി.പി. ഉത്പാദിപ്പിച്ചതും ഉത്പാദിപ്പിക്കുന്നതുമായ മരുന്നുകൾ 01-10-2012 മുതൽ കെ.എം.

എസ്.സി.എൽ. വാങ്ങിത്തുടങ്ങുന്നതിന് 05-09-2012-ലെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കോൺഫറൻസിൽ തീരുമാനമായിട്ടുണ്ട്. അതനുസരിച്ച് കെ.എം.എസ്.സി.എൽ. ഏറ്റെടുത്തത് 4.7 കോടി രൂപയുടെ മരുന്നുകളാണ്. ഈ സാമ്പത്തിക വർഷം 12.92 കോടി രൂപയുടെ ഓർഡറുകളാണ് നാളിതുവരെ ലഭിച്ചത്. 12.11 കോടി രൂപയുടെ മരുന്നുകൾ കൊടുത്തുകഴിഞ്ഞു. ബാക്കി തുകയുടെ മരുന്നുകൾ ഉടനെ നൽകുന്നതാണ്. തുടർന്നും മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽനിന്ന് ഓർഡറുകൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ജി.എം.പി. സർട്ടിഫിക്കേഷൻ ഈ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം വലിയ ഒരു നാഴികക്കല്ലാണ്. അതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. മൂന്നുമാസത്തിനുള്ളിൽ ജി.എം.പി. സർട്ടിഫിക്കേഷൻ കിട്ടിയാൽ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മാത്രമല്ല കേരളത്തിലെ പൊതു മാർക്കറ്റിലും മരുന്ന് വിൽപ്പന നടത്തുവാൻ സാധിക്കും. മറ്റു സംസ്ഥാനങ്ങളിലെ ആരോഗ്യവകുപ്പിനും ഇവിടെ ഉത്പാദിപ്പിക്കുന്ന മരുന്ന് നൽകുവാൻ സാധിക്കും. മൂന്നുമാസത്തിനുള്ളിൽ ഓപ്പൺ മാർക്കറ്റിലേയ്ക്ക് പ്രവേശിക്കുവാൻ സാധിക്കുമെന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. അതുകൊണ്ട് യാതൊരു ആശങ്കയ്ക്കും വകയില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കും. മുഖ്യമന്ത്രിയുടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഇതു സംബന്ധിച്ച് വീണ്ടും ചർച്ചകൾ നടത്തും. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെക്കൊണ്ട് മുഴുവൻ മരുന്നുകളും ഏറ്റെടുപ്പിക്കുവാനുള്ള നടപടിയും സ്വീകരിക്കും.

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അവിടെ യാതൊരു പ്രതിസന്ധിയുമില്ലായെന്നാണ്. എന്നാൽ അവിടെ കെ.എസ്.ഡി.പി. പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്, ഉത്പാദനം നടക്കുന്നില്ല, ജീവന ക്കാർക്ക് വെറുതെ ശംബളം കൊടുക്കുകയാണ്. കെ.എസ്.ഡി.പി.-യുടെ സ്ഥാപിതശേഷിക്കനുസരിച്ച് ഉത്പാദനം നടത്തിയാൽ ആ മരുന്ന് മുഴുവൻ വാങ്ങാൻ ഗവൺമെന്റ് തയ്യാറാകുമോ? അതോടൊപ്പം ഇന്നത്തെ സാധ്യത കളാകെ കണ്ടുകൊണ്ട് സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് എന്ത് പദ്ധതിയാണ് ഗവൺമെന്റ് ആവിഷ്കരിച്ചതെന്ന് പറയാമോ?

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഒരുപാട് പദ്ധതികൾ ആവിഷ്ക്ക രിച്ചിട്ടുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ടത് 2.9 കോടി രൂപ ചെലവിൽ സ്ഥാപി ച്ചിരിക്കുന്ന എൻ.എ.ബി.എൽ അക്രഡിറ്റഡ് ലാബ് മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാൻ സാധിച്ചാൽ നമ്മുടെ സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെ ടുന്ന മുഴുവൻ മരുന്നുകളുടെയും ഗുണപരിശോധന ആ ലാബിൽ നിർവ്വഹി ക്കുവാൻ സാധിക്കുമെന്ന് മത്രമല്ല ബിവറേജസ് കോർപ്പറേഷനും ഈ ലാബ് ഉപയോഗപ്പെടുത്താൻ കഴിയും. അതോടൊപ്പംതന്നെ 9.8 കോടി രൂപ ചെലവ ഴിച്ച് നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആന്റിബയോട്ടിക്ക് ഇഞ്ചക്ഷൻ നിർമ്മിക്കുന്ന ബീറ്റാലാക്ടം പ്ലാന്റ് മേയ് മാസത്തോടുകൂടി കമ്മീഷൻ ചെയ്യുവാൻ സാധിക്കും. ഗവൺമെന്റിന് ഇതിൽ വലിയ പ്രതീക്ഷയാണുള്ളത്.